"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - MFA No.614/91 HC - OP MV 670/1986 MACT കേസ് - പോലീസ് വകുപ്പിലെ വാഹനം അപകടത്തിൽപ്പെട്ടത് - ഡ്രൈവറിൽ നിന്നും നഷ്ടപരിഹാര തുക ഈടാക്കുന്നത് ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1684/2024/HOME    തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 21.11.2019, 29.12.2020 തീയതികളിലെ യു3-50766/2003/പി.എച്ച്.ക്യൂ 27.08.2022, 30.11.2023 തീയതികളിലെ യു3-33623/2021/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

പോലീസ് വകുപ്പിലെ KRD 9670 നമ്പർ ഡിപ്പാർട്ട്മെന്റ് വാഹനം അപകടത്തിൽപ്പെട്ടത് സംബന്ധിച്ചുള്ള OP MV 670/1986 MACT Kozhikode (MFA 614/1991 of Hon'ble High Court of Kerala) കേസിൽ പ്രസ്തുത വാഹനത്തിന് സംഭവിച്ച കേടുപാടുകൾ തീർക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികൃതർ 34,625.53/- രൂപ കണക്കാക്കുകയും ആയത് പ്രസ്തുത വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. ബാലകൃഷ്ണൻ നായരുടെ DR/DR Arrear/Pension Revision Arrear ൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. ബാലകൃഷ്ണൻ നായർ 23.07.2023 ന് മരണപ്പെട്ടതായി ടിയാന്റെ മകനായ മനോജ് അറിയിച്ചിട്ടുള്ളതായും, ടിയാളുടെ കുടുംബം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിനാലും, മരണപ്പെട്ട പോലീസ് സേനാംഗത്തിന്റെ കുടുംബം എന്ന പരിഗണന നൽകിക്കൊണ്ടും പ്രസ്തുത തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നും മരണപ്പെട്ട ഡ്രൈവർ ശ്രീ.ബാലകൃഷ്ണൻ നായരുടെ ഭാര്യ അപേക്ഷ നൽകിയിട്ടുള്ളതിനാലും പ്രസ്തുത നഷ്ടപരിഹാര തുക ഈടാക്കുന്നതിൽ നിന്നും ശ്രീ. ബാലകൃഷ്ണൻ നായരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, പോലീസ് വകുപ്പിലെ KRD 9670 നമ്പർ ഡിപ്പാർട്ട്മെന്റ് വാഹനം അപകടത്തിൽപ്പെട്ടത് സംബന്ധിച്ചുള്ള OP MV 670/1986 MACT Kozhikode (MFA 614/1991 of Hon'ble High Court of Kerala) കേസിൽ പ്രസ്തുത വാഹനത്തിന് സംഭവിച്ച കേടുപാടുകൾ തീർക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികൃതർ കണക്കാക്കിയ 34,625.53/- രൂപ (മുപ്പത്തിനാലായിരത്തി അറുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ അമ്പത്തിമൂന്ന് പൈസ മാത്രം) പ്രസ്തുത വാഹനത്തിന്റെ ഡ്രൈവറുടെ DR/DR Arrear/Pension Revision Arrear ൽ നിന്ന്

ഈടാക്കുന്നതിനുള്ള നടപടി ഡ്രൈവറായിരുന്ന ശ്രീ.ബാലകൃഷ്ണൻ നായർ മരണപ്പെട്ട സാഹചര്യത്തിൽ ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23.05.2024 ലെ വ്യയം-എ3/117/2021/ധനം (ഇ-1723356) പ്രകാരം).
ഡയറക്ടർ, I&PRD (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj Kumar. M. S
Date: 20-06-2024 11:09:03
സെക്ഷൻ ഓഫീസർ